## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 89.** **10/06/2019-ൽ മറുപടിയ്ക്ക്**

**<u>പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള കുടുംബസഹായപദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>,, പി.ജെ.ജോസഫ്<br>,, സി.എഫ്.തോമസ് : | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ആവിഷ്കരിച്ച പി.കെ.കാളൻ കുടുംബ സഹായ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | ഒറ്റപ്പെട്ട സ്ഥലങ്ങളിലെ വീടുകളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സർക്കാർ 2016-17-ൽ ആവിഷ്കരിച്ച പദ്ധതിയാണ് പി.കെ.കാളൻ കുടുംബ സഹായ പദ്ധതി. ഈ പദ്ധതി പ്രകാരം ഇത്തരം കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ കുടുംബ സർവ്വേ നടത്തി കുടുംബാധിഷ്ഠിത മൈക്രോ പ്ലാനുകൾ തയ്യാറാക്കുകയാണ് ചെയ്യുന്നത്.<br><br>മൈക്രോപ്ലാൻ തയ്യാറാക്കുന്നതും നിർവ്വഹണ മേൽ നോട്ടം നടത്തുന്നതും കുടുംബശ്രീ സംസ്ഥാന മിഷനാണ്. ആദ്യഘട്ടമെന്ന നിലയിൽ കുടുംബശ്രീ സംസ്ഥാന മിഷൻ ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം വടക്ക്, മാരാരിക്കുളം തെക്ക്, മണ്ണൻചേരി, ആര്യാട് ഗ്രാമപഞ്ചായത്തുകളിലും ആലപ്പുഴ നഗര സഭകളിലുമായി ചിതറിക്കിടക്കുന്ന ഉള്ളാടർ വിഭാഗങ്ങൾക്കിടയിൽ കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 149 കുടുംബങ്ങൾക്കായി മൈക്രോപ്ലാനുകൾ തയ്യാറാക്കുകയും ചെയ്തു. പ്രസ്തുത മൈക്രോ പ്ലാനുകൾ സർക്കാർ പരിശോധിച്ച് അംഗീകാരം നൽകുകയും അതിനായി 5.06 കോടി രൂപ കുടുംബശ്രീ സംസ്ഥാന മിഷന് അനുവദിച്ച് നൽകിയിരുന്നു. മൈക്രോപ്ലാൻ അടിസ്ഥാനമാക്കിയുള്ള പ്രവൃത്തികൾ ആലപ്പുഴ ജില്ലയിൽ പുരോഗമിക്കുകയാണ്. |

| | | | |
|---|---|---|---|
| | | | പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമ പഞ്ചായത്തിലെ ഇരുള, മുഡുക, പണിയ, മലയരയ എന്നീ സമുദായത്തിൽപ്പെട്ട 74 കുടുംബങ്ങൾക്കുള്ള മൈക്രോപ്ലാൻ തയ്യാറാക്കി ഭവന നിർമ്മാണം പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുക്കുകയും ഭവന നിർമ്മാണം ഒഴികെയുള്ള മറ്റ് പദ്ധതികൾക്കുള്ള തുകയായ 1.54 കോടി രൂപ കുടുംബശ്രീ സംസ്ഥാന മിഷന് 2018-19 സാമ്പത്തികവർഷം അനുവദിച്ച് നൽകിയിരുന്നു. ടി പ്രവർത്തനങ്ങൾ മലമ്പുഴ ഗ്രാമപഞ്ചായത്തിൽ പുരോഗമിക്കുകയാണ്. |
| **(ബി)** | പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ സാമ്പത്തികവർഷം നീക്കിവെച്ച തുക ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | **(ബി)** | പി.കെ.കാളൻ പദ്ധതിയുടെ ഭാഗമായി 2018-19 സാമ്പത്തിക വർഷം മലമ്പുഴ ഗ്രാമ പഞ്ചാത്തിലെ 74 കുടുംബങ്ങൾക്കുള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് 1.54 കോടി രൂപ കുടുംബശ്രീ സംസ്ഥാന മിഷൻ അനുവദിച്ച് നൽകിയിരുന്നു. എന്നാൽ സംസ്ഥാനം അഭിമുഖീകരിച്ച മഹാപ്രളയം ഏറ്റവും അധികം ബാധിച്ച ജില്ലകളാണ് ആലപ്പുഴയും, പാലക്കാടും. പ്രളയം മൂലം ആലപ്പുഴ ജില്ലയിലെയും പാലക്കാട് ജില്ലയിലെ മലമ്പുഴ പ്രദേശത്തെയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിലും അതിനുശേഷം അവിടത്തെ പ്രവൃത്തികൾ മെച്ചപ്പെട്ട രീതിയിൽ പുരോഗമിക്കുകയാണ്.<br><br>പി.കെ.കാളൻ കുടുംബക്ഷേമ പദ്ധതിയ്ക്കായി പ്രത്യേക തുക വകയിരുത്തിയിട്ടില്ല. എന്നാൽ അംബേദ്കർ ഊരുവികസന പദ്ധതിയുടെ ഒരു ഉപഘടകമായിട്ടാണ് പി.കെ.കാളൻ പദ്ധതി ഉൾപ്പെടുത്തിയിരിക്കുന്നത്. അംബേദ്കർ ഊരു വികസന പദ്ധതിയിൽ 110 കോടി രൂപ 2018-19 വർഷം ബജറ്റിൽ അനുവദിച്ച് നൽകിയെങ്കിലും പ്ലാൻകട്ടിന് ശേഷം ഉണ്ടായിരുന്ന തുക ടി പദ്ധതിയിലെ എല്ലാ ഘടകങ്ങൾക്കുമായി പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**